**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 591** **11-11-2021 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം വളർത്താൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | നാം ഇന്ന് അഭിമുഖീകരിക്കുന്ന കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള അനിയന്ത്രിത പ്രവർത്തനങ്ങൾക്ക് (രാസ കീടനാശിനികളുടെ ഉപയോഗം, മാലിന്യം കത്തിക്കൽ) വലിയ ഒരു പങ്ക് ഉണ്ട്. ആയതിനാൽ ജൈവ കൃഷിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടത് ആവശ്യമാണ്. സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ പുതിയ കാർഷിക സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സർക്കാർ ഉത്തരവ് നം. G.O(P)39/2010 കൃഷി തിരുവനന്തപുരം, തീയതി, 10.02.2010 പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചു. ജൈവകൃഷി വ്യാപനം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ആരംഭത്തിൽ നടപ്പിലാക്കിയിരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചിരുന്നത്. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം, പച്ചക്കറി കൃഷി 1405 ക്ലസ്റ്ററുകൾ മുഖേന 35125 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം – സുരക്ഷിതം പദ്ധതി – ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ |

പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ 192 ഇക്കോഷോപ്പുകൾ കൃഷി വകുപ്പിൻെറ മറ്റു പദ്ധതികൾക്കു കീഴിലും ഇതുവരെ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് രണ്ടു ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 3 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കൂടാതെ 2 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. ആയതിൻെറ വിശദാംശം ചുവടെ ചേർക്കുന്നു. 1) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചിരുന്നു എങ്കിലും 119 ക്ലസ്റ്ററുകളുടെ പ്രവർത്തനം (2380 ഹെക്ടർ) ഇനി തുടരേണ്ടതില്ലായെന്ന് കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചത് പ്രകാരം 505 ക്ലസ്റ്ററുകളിലൂടെ ആകെ 10100 ഹെക്ടർ സ്ഥലത്ത് നിലവിൽ ഈ പദ്ധതി പ്രകാരം ജൈവ കൃഷി നടപ്പിലാക്കി വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കറ്റ് നൽകുന്നു. 2) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി/പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി ഈ വർഷം 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള

അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനം നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുകയും ചെയ്തു വരുന്നു. ജൈവ കൃഷി സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) എന്നീ പദ്ധതികളിലൂടെ കർഷകരെ ബോധവൽക്കരിക്കുകയും പിജിഎസ് ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ National Centre of Organic Farming (NCOF), Regional Centre of Organic Farming (RCOF) നേരിട്ടും കർഷകർക്ക് പരിശീലനം നൽകുന്നു. ജൈവ കൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല, ആയത് മൃഗപരിപാലനം, ക്ഷീരോൽപാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിച്ചേർത്തൊരു സമഗ്രസമീപനമാണ്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിചേർത്ത് കൊണ്ട് കേരളത്തെ

| | | | |
|---|---|---|---|
| | | | സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കുന്നതിനായി ഓർഗാനിക് മിഷൻ രൂപീകരിക്കുന്നതിനുള്ള രൂപ രേഖ തയ്യാറാക്കി വരുന്നു. മിഷൻെറ കീഴിൽ കേരളത്തിന് അനുയോജ്യമായ രീതിയിൽ ജൈവ കൃഷി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ